19 ജൂലായ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 005

# തൊഴിൽ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ സ്റ്റുഡന്റ് സപ്പോർട്ട് സെന്ററിന് കഴിയും

**: മന്ത്രി ഡോ. കെ.ടി. ജലീൽ**

തൊഴിൽ മേഖലയിലെ എല്ലാത്തരത്തിലുമുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള ഉത്തമ ഉപാധിയാണ് സ്റ്റുഡന്റ് സപ്പോർട്ട് സെന്ററെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന നൈപുണ്യ പരിശീലന പരിപാടിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)യുടെ സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മൈഗ്രേഷൻ സപ്പോർട്ട് സെന്റർ, ജോബ് പോർട്ടൽ, കോൾ സെന്റർ എന്നിവ ഉൾപ്പെട്ട സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ വഴി കേരളത്തിലെ ഡിഡിയുജികെവൈ പദ്ധതി ദേശീയതലത്തിലാകെ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഒരാൾക്ക് ഏത് മേഖലയിലാണോ താത്പര്യമുള്ളത് ആ മേഖലയിൽ പ്രത്യേക നൈപുണ്യ പരിശീലനം നൽകി അതേ മേഖലയിൽ തന്നെ തൊഴിൽ നേടിക്കൊടുക്കുകയാണ് ഡിഡിയുജികെവൈ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം മേയർ വി.കെ. പ്രശാന്ത് അധ്യക്ഷനായ ചടങ്ങിൽ കോൾ സെന്റർ നമ്പരിലേക്ക് വിളിച്ച് വിവരങ്ങൾ ആരാഞ്ഞു കൊണ്ടാണ് ഡോ. കെ.ടി. ജലീൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

നാട്ടിലുള്ള തൊഴിലവസരങ്ങളെക്കുറിച്ച് തൊഴിലന്വേഷകർക്ക് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനും തൊഴിൽ ദാതാക്കൾക്ക് വേണ്ട യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനും ജോബ് പോർട്ടൽ സഹായകമാകുമെന്നും മന്ത്രി വ്യക്തമാക്കി. 15നും 35നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്ന ഡിഡിയുജികെവൈ പദ്ധതി വഴി നോഡൽ ഏജൻസിയായ കുടുംബശ്രീ ഇതുവരെ 35568 പേർക്ക് പരിശീലനം നൽകി. അതിൽ 20564 പേർക്ക് ജോലി ലഭിച്ചു. പദ്ധതിയുടെ മികച്ച നടത്തിപ്പിന് 2016-17 കാലഘട്ടത്തിൽ ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും 2017-18 വർഷത്തിൽ രണ്ടാം സ്ഥാനവും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു. കൂടാതെ 20000 പേർക്ക് കൂടി നൈപുണ്യ പരിശീലനം നൽകുന്നതിന് 200 കോടി രൂപ കൂടി അധികമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് അനുവദിക്കുകയും ചെയ്തിരുന്നു.

ഡിഡിയുജികെവൈ പദ്ധതി വഴി കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുള്ളത് എറണാകുളത്താണ്. അതിനാൽ തന്നെ എറണാകുളത്താണ് മൈഗ്രേഷൻ സപ്പോർട്ട് സെന്റർ ആരംഭിച്ചിരിക്കുന്നതും. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും എറണാകുളത്ത് ജോലി ലഭ്യമായെത്തുന്നവർക്ക് താമസ സൗകര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ, കൗൺസിലിങ്, തുടർ പരിശീലനം, ഒത്തുചേരാനുള്ള പൊതു ഇടം, വിവിധ പിന്തുണാ സഹായങ്ങൾ എന്നിവ മൈഗ്രേഷൻ സപ്പോർട്ട് സെന്റർ വഴി ലഭിക്കും.

ഡിഡിയുജികെവൈ പദ്ധതിയുടെ വിശദവിവങ്ങൾ ലഭ്യമാക്കുന്ന തിനും കോഴ്സുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും നിലവിൽ ജോലി ലഭിച്ചവർക്ക് പിന്തുണ സംവിധാനങ്ങളെ പ്പറ്റിയുള്ള വിശദ വിവരങ്ങൾ നൽകുന്നതിനുമെല്ലാമാണ് കോൾ സെന്റർ. പൂർണ്ണമാ യും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ജോബ് പോർട്ടലിൽ തൊഴിൽ അന്വേഷകർക്കും തൊഴിൽ ദായകർക്കും രജിസ്ട്രർ ചെയ്യാനാകും. പദ്ധതിയിലൂടെ പരിശീലനം ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾ ക്കും പോർട്ടലിൽ രജിസ്ട്രർ ചെയ്യാനാകും.




- ഡിഡിയുജികെവൈ സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ മന്ത്രി ഉദ്ഘാടനം ചെയ്തു
- വിദ്യാർത്ഥികൾക്ക് മൈഗ്രേഷൻ സപ്പോർട്ട് സെന്റർ, ജോബ് പോർട്ടൽ, കോൾ സെന്റർ സേവനങ്ങൾ ലഭ്യമാകും
- കോൾ സെന്റർ നമ്പർ: 0484 2301212

മികച്ച പ്രകടനം കാഴ്ചവച്ച പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾക്ക് (പിഐഎ) മന്ത്രി ഡോ. കെ.ടി. ജലീൽ ചടങ്ങിൽ അവാർഡ് വിതരണം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഒന്നാം സ്ഥാനവും മൂവാറ്റുപുഴയിലെ ഡെന്റ്കെയർ ഡെന്റൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് രണ്ടാം സ്ഥാനവും തൃശൂരിലെ മെഗാ ഇൻഡസ്ട്രീസ് മൂന്നാം സ്ഥാനവും സ്വന്തമാക്കി.

കൂടാതെ പദ്ധതിക്ക് പ്രചാരം നൽകുന്നതിനായി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയാറാക്കിയ മൂന്ന് പ്രൊമോഷണൽ വീഡിയോകളുടെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. ഡിഡിയുജികെവൈ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. സി.എസ്. പ്രവീൺ സ്വാഗതം ആശംസിച്ചു. പ്രോഗ്രാം ഓഫീസർമാരായ ബിനു ഫ്രാൻസിസ്, ഡോ. നികേഷ് കിരൺ എന്നിവർ ആശംസകൾ അർപ്പിച്ചു. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ കെ.ആർ. ജയൻ നന്ദി പറഞ്ഞു.

# ഗവിയിൽ കുടുംബശ്രീയുടെ വിനോദ സഞ്ചാര പദ്ധതി

- വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് മാതൃകയാകും
- പദ്ധതിയോട് അനുബന്ധിച്ച് രണ്ട് ബസ്സുകളും മൂന്ന് മിനി റെസ്റ്റോറന്റുകളും പ്രവർത്തനം ആരംഭിക്കും

വിനോദ സഞ്ചാര മേഖലയിലും കുടുംബശ്രീ ശക്ത സാന്നിധ്യമാകാനൊരുങ്ങുന്നു. പത്തനംതിട്ട ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ ഗവിയിൽ കുടുംബശ്രീ ജില്ലാ മിഷൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കും. പട്ടികജാതി വികസന വകുപ്പ്, വനം വകുപ്പ്, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി രണ്ട് മിനി ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തുകയും ആധുനിക സൗകര്യങ്ങളുള്ള മൂന്ന് മിനി റെസ്റ്റോറന്റുകൾ ആരംഭിക്കുകയും ചെയ്യും. ഓഗസ്റ്റ് അവസാനത്തോടെ പദ്ധതി പ്രാവർത്തികമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. 37 അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകൾക്ക് ഈ പദ്ധതി വഴി തൊഴിൽ ലഭിക്കും. 75 ശതമാനം സംവരണം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കാണ്.

ഈ വിനോദ സഞ്ചാര പദ്ധതിയുടെ ഭാഗമായി രണ്ട് പാക്കേജുകളുണ്ട്. ഭക്ഷണവും താമസവും (രണ്ട് ദിന പാക്കേജ്) ഉൾപ്പെടെയാണ് പാക്കേജുകൾ. അടൂരിൽ നിന്ന് ഗവിയിലെത്തി സന്ദർശനം നടത്തി തിരികെ അടൂരിൽ തന്നെ എത്തുന്ന ഏകദിന ടൂർ പാക്കേജും അടൂരിൽ നിന്ന് ഗവിയും കുമരകവും സന്ദർശിച്ച് തിരികെ അടൂരിലെത്തുന്ന രണ്ട് ദിന പാക്കേജും. ഏകദിന പാക്കേജിന്റെ ഭാഗമായുള്ള ബസ് സർവീസ് അടൂരിൽ നിന്ന് കൊടുമൺ, അംഗമൂഴി, കൊച്ചു പമ്പ വഴി ഗവിയിലെത്തും. വണ്ടിപ്പെരിയാർ, മുണ്ടക്കയം വഴി തിരികെ അടൂരും എത്തും. ട്രക്കിങ്, ജംഗിൾ സഫാരി, വന്യമൃഗ നിരീക്ഷണം, പക്ഷി നിരീക്ഷണം എന്നിവയും പാക്കേജിന്റെ ഭാഗമാണ്. ഒരു ദിന പാക്കേജിന് ഒരാൾക്ക് 2000 രൂപയാണ് തുക. രണ്ട് ദിനത്തെ പാക്കേജിനായി 4000 രൂപ നൽകണം. 24 സീറ്റുകളുള്ള മിനി ബസിനായി ജില്ലാ മിഷൻ ടെൻഡർ നൽകി കഴിഞ്ഞു.

കൊടുമൺ, അംഗമൂഴി, കൊച്ചു പമ്പ എന്നിവിടങ്ങളിലാണ് റെസ്റ്റോറന്റുകൾ ആരംഭിക്കുക. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊടുമണ്ണിലെ റെസ്റ്റോറന്റിനുള്ള സ്ഥലം ഗ്രാമ പഞ്ചായത്താണ് നൽകിയിട്ടുള്ളത്. ആങ്ങമൂഴിയിൽ കുട്ടവഞ്ചി സവാരി കേന്ദ്രത്തോട് ചേർന്നാണ് റെസ്റ്റോറന്റ്. സീതത്തോട് പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഇവിടെ റെസ്റ്റോറന്റ് സജ്ജീകരിക്കുന്നത്. കെഎസ്ഇബിയുടെ സ്ഥലത്താണ് കൊച്ചുപമ്പയിലെ റെസ്റ്റോറന്റ് നിർമ്മിക്കുന്നത്.



# വരുന്നൂ കുടുംബശ്രീ ജൈവിക നേഴ്സറികൾ

**ഓരോ ജില്ലയിലും പത്ത് വീതം നേഴ്സറികൾ**

മികച്ച ഇനം വിത്തുകളും സസ്യത്തൈകളും കേരളമൊട്ടാകെ ലഭ്യമാക്കുന്നതിനായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്ലാന്റ് നേഴ്സറികൾ ആരംഭിക്കുന്നു. ജൈവിക പ്ലാന്റ് നേഴ്സറിയെന്ന പേരിൽ കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നേഴ്സറികൾ ആരംഭിക്കാനാണ് കുടുംബശ്രീ ലക്ഷ്യമിട്ടിരിക്കുന്നത്. കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് അവരുടെ ആവശ്യം അനുസരിച്ച് ഗുണനിലവാരമുള്ള വിത്തുകളും തൈകളും ലഭ്യമാക്കുന്നത് കൂടാതെ സംസ്ഥാനമൊട്ടാകെ മിതമായ നിരക്കിൽ വിലനിലവാരത്തിൽ മാറ്റമില്ലാതെ ഇവയെല്ലാം പൊതുജനങ്ങൾക്കും നൽകുക എന്നീ ലക്ഷ്യവും ജൈവിക പ്ലാന്റ് നേഴ്സറിക്കുണ്ട്. വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വിഎഫ്പിസികെ) യിൽ നിന്നും കൃഷി വിജ്ഞാൻ കേന്ദ്ര (കെവികെ) യിൽ നിന്നുമായിരുന്നു ഇതുവരെ ഇവർ വിത്തുകളും തൈകളും വാങ്ങിയിരുന്നത്.

ഇപ്പോൾ കുടുംബശ്രീയ്ക്ക് കീഴിൽ സംസ്ഥാനത്താകെ 159 പ്ലാന്റ് നേഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ ഓരോ ജില്ലയിലും പത്ത് നേഴ്സറികൾ വീതം ഉടൻ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ ഇനം പച്ചക്കറികൾ, ഫലവൃക്ഷങ്ങൾ, അലങ്കാരച്ചെടികൾ തുടങ്ങിയവയുടെ തൈകളും വിത്തുകളും നൂതന മാർഗ്ഗങ്ങളുപയോഗിച്ച് വികസിപ്പിച്ചെടുത്ത വൃക്ഷത്തൈകളുമെല്ലാം ഈ നേഴ്സറി വഴി ലഭ്യമാകും.

ഗതാഗത സൗകര്യം, അടിസ്ഥാന സൗകര്യ ലഭ്യത എന്നിവ അനുസരിച്ച് നിശ്ചിത അളവിൽ സ്ഥലം ലഭിക്കുന്ന മുറയ്ക്കാകും ഓരോ ജില്ലയിലും നേഴ്സറികൾ ആരംഭിക്കാനുള്ള പ്രദേശങ്ങൾ തീരുമാനിക്കുന്നത്. നേഴ്സറിയുടെ പ്രവർത്തനങ്ങൾ നടത്താനുള്ള ചുമതല കുടുംബശ്രീ വനിതകൾക്കാണ്. സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ അവർക്ക് ആവശ്യമായ പരിശീലനങ്ങളും നൽകും. നേഴ്സറി ആരംഭിക്കുന്നതിനായി ഓരോ സംഘത്തിനും റിവോൾവിങ് ഫണ്ടും നൽകും. നിലവിലുള്ള നേഴ്സറികളെ ജൈവിക ബ്രാൻഡിന് കീഴിൽ കൊണ്ടു വരുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും ഇതിനൊപ്പം നടത്തി വരുന്നു. എല്ലാ നേഴ്സറികളുടെയും വിറ്റുവരവും സ്റ്റോക്ക് പരിശോധനയുമെല്ലാം ഓൺലൈൻ വഴിയാക്കി ഈ സംരംഭങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനുള്ള സംവിധാനങ്ങളും ഭാവിയിൽ ഏർപ്പെടുത്തും

# അഗതിരഹിത കേരളം

01

ലോകമെമ്പാടുമുള്ള അതിദരിദ്രർക്കു ഒരേ മുഖമാണ്. തങ്ങൾക്കു വേണ്ടി ശബ്ദിക്കാൻ കഴിയാത്ത, സമൂഹത്താൽ നിരന്തരം അവഗണിക്കപ്പെടുന്ന ഇത്തരം കുടുംബങ്ങൾക്കായി കേരള സർക്കാർ കുടുംബശ്രീ മുഖേന ആവിഷ്കരിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ 2003 മുതൽ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ആശ്രയ. സമൂഹത്തിലെ അശരണരും നിരാലംബരു മായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ എത്തിച്ചുകൊടുക്കുകയും അതുവഴി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയും ചെയ്യുക എന്നതാണ് ആശ്രയ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2017-18 ബജറ്റിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്തൃ കുടുംബങ്ങളിൽ തുടർന്നും സേവനം ആവശ്യമുള്ള ഏവരേയും കണ്ടെത്തി പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യമാണ് അഗതിരഹിത കേരള ത്തിനുള്ളത്. അഗതികളെ കണ്ടെത്താനും അവർക്കായുള്ള പദ്ധതി രേഖ തയ്യാറാക്കാ നും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

മൊബൈൽ സർവ്വേ ആപ്പ് ഉപയോഗിച്ച് നിർധന കുടുംബങ്ങളുടെ സർവ്വേ നടത്തി അവരിൽ ഗുണഭോക്താക്കളാകാൻ പദ്ധതി മാനദണ്ഡം പ്രകാരം യോഗ്യരായവരെ സോഫ്റ്റ്വെയർ സ്വയമേവ തിരഞ്ഞെടുക്കുന്നു. ഗുണഭോക്തൃ പട്ടിക സംബന്ധിച്ചുള്ള പരാതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപന ഉദ്യോഗസ്ഥർ പരിശോധിക്കുകയും അതിൻ പ്രകാരമുള്ള പട്ടിക ഗ്രാമസഭയും തദ്ദേശസ്വയംഭരണ സ്ഥാപനവും അംഗീകരിക്കുന്നു. ഈ ബൃഹത് പ്രക്രിയയിലൂടെയാണ് ഒരു കുടുംബം അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താവാകുക.

**അഗതിരഹിതകേരളം പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ വേണ്ട മാനദണ്ഡങ്ങളും പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അടുത്ത ലക്കത്തിൽ.**

കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com